# 8
# യേശുവിന്റെ ശുശ്രൂഷ ആരംഭിക്കൽ
## (4:12- 25)

യേശു സാത്താനാൽ പരീക്ഷിക്കപ്പെട്ടശേഷം (4:1–11), യോഹന്നാൻ ഹെരോദാവ് അന്തിപ്പാസിനാൽ തടവിലാക്കപ്പെടുന്നതിനു മുമ്പ് (4:12; 14:3–5 നോക്കുക), യേശു തന്റെ ശുശ്രൂഷ ആരംഭിച്ചതായി യോഹന്നാൻ 1:19–3:36–ൽ രേഖപ്പെടുത്തിയിരിക്കുന്നു. ആ കാലഘട്ടത്തെ മത്തായിയും, മർക്കൊസും, ലൂക്കൊസും സ്പർശിച്ചിട്ടില്ല.

ഈ ഭാഗത്ത് (4:12–25) യേശുവിന്റെ ശുശ്രൂഷയുടെ ആമുഖവും മലപ്രസംഗവുമാണ് (5:1–7:29). ഉൾപ്പെടുത്തിയിരിക്കുന്നത്. യേശു കഫർന്നഹൂമിൽ താമസിച്ചത് പ്രവചനം നിറവേറുന്നതായും (4:12–17), നാല് ശിഷ്യന്മാരെ അവൻ വിളിക്കുന്നതും (4:18–22), അവന്റെ ശുശ്രൂഷ ചുരുക്കമായും അതിന്റെ സ്വാധീനപ്രദേശങ്ങളെയും മത്തായി രേഖപ്പെടുത്തിയിരിക്കുന്നു (4:23–25).

### കഫർന്നഹൂമിലെ താമസം (4:12-17)

**12യോഹന്നാൻ തടവിലായി എന്നു കേട്ടാറെ അവൻ ഗലീലക്കു വാങ്ങി**
**പോയി 13നസറേത്ത് വിട്ട് സെബൂലൂന്റേയും നഫ്ത്താലിയുടേയും അതിരു**
**കളിൽ കടൽക്കരെയുള്ള കഫർന്നഹൂമിൽ ചെന്നു പാർത്തു. 14അതു പ്ര**
**വാചകൻ മുഖാന്തരം അരുളിച്ചെയ്തതു നിറവേറേണ്ടതിനായിരുന്നു:**

**15“സെബൂലൂന്റേയും നഫ്ത്താലിയുടെയും കടൽക്കരെയിലും**
**യോർദ്ദാനക്കരെയുമുള്ള നാടും ജാതികളുടെ**
**ഗലീലയും അങ്ങനെ ഇരുട്ടിൽ ഇരിക്കുന്ന ജനം**
**16വലിയോരു വെളിച്ചം കണ്ടു. മരണത്തിന്റെ**
**ദേശത്തിലും നിഴലിലും ഇരിക്കുന്നവർക്കു**
**പ്രകാശം ലഭിച്ചു.”**

**17അന്നു മുതൽ യേശു, “സ്വർഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തര**
**പ്പെടുവിൻ എന്നു പ്രസംഗിച്ചു തുടങ്ങി.”**

**വാക്യം 12.** യേശു ശുശ്രൂഷ ആരംഭിച്ചപ്പോൾ, **യോഹന്നാൻ തടവിലാക്കപ്പെട്ടുവെങ്കിലും**, അതിന്റെ വിശദീകരണം 14:1–12 വരുന്നതുവരെ നൽകുന്നില്ല. യോഹന്നാനെ കുറിച്ചുള്ള വാർത്ത **യേശു കേട്ടപ്പോൾ അവൻ ഗലീലക്ക് വാങ്ങി പോയി.** വാങ്ങി പോകുവാനുള്ള യഥാർത്ഥ കാരണം നൽകിയിട്ടില്ല. “വാങ്ങി പോയി” എന്ന ക്രിയ “വിട്ടുപോയി,” “പുറപ്പെട്ടുപോയി” എന്നും തർജിമ ചെയ്തിരിക്കുന്നത് മത്തായി അടിക്കടി ഉപയോഗിച്ചിരിക്കുന്നത് അപ

കടകരമായ സാഹചര്യങ്ങളെ ഒഴിവാക്കുന്നതു സൂചിപ്പിക്കുകയാണ് (2:12–14, 22; 12:15; 14:13; 15:21). ആ സമയത്ത്, യോഹന്നാൻ പ്രസംഗിച്ച പ്രദേശത്തുനിന്നും അവനുമായി ബന്ധപ്പെട്ടവരെല്ലാം ദൂരെ പോയി കാണുമോ? അതിനുള്ള സാധ്യത കുറവാണ്, കാരണം യേശു പോയ ഗലീലിയും അന്നു ഭരിച്ചിരുന്നത് ഹെരോദാവ് അന്തിപ്പാസായിരുന്നു, അവനായിരുന്നു യോഹന്നാനെ പെറിയയിൽ വെച്ച് (ട്രാൻസ്ജോർദ്ദാൻ) തടവിലാക്കിയത്. അത് – ലിയോൺ മോറിസ് നിരീക്ഷിച്ചതു ശരിയാകുവാനാണ് കൂടുതൽ സാധ്യത, അതായത്, "യോഹന്നാന്റെ ശുശ്രൂഷ അവസാനിച്ചു എന്നു യേശു കണ്ടിട്ട്, തന്റെ ശുശ്രൂഷ ആരംഭിക്കുവാൻ സമയമായി എന്നു തിരിച്ചറിഞ്ഞു; എന്നാൽ യോഹന്നാൻ മരുഭൂമിയിലായിരുന്നു ശുശ്രൂഷിച്ചിരുന്നത്, യേശു താൽപര്യപ്പെട്ടതോ ഗലീലയിലെ ആളുകൾക്കിടയിൽ പ്രവർത്തിപ്പാനാണ്."[1]

യേശു തന്റെ പ്രാദേശിക പ്രവർത്തനത്തിനായി യെഹൂദ്യയോ വിശുദ്ധനഗരമായ യെരുശലേമോ തിരഞ്ഞെടുക്കാതെ, ഈ പ്രദേശമായിരുന്നു അവൻ തിരഞ്ഞെടുത്തത്. ഗലീലാസഹോദരന്മാരെ വിദ്യാരഹിതരും പിന്നോക്കക്കാരുമായിട്ടാണ് യെഹൂദ്യർ കരുതിയിരുന്നത് (26:69, 73; യോഹ. 7:41, 52; പ്രവൃത്തികൾ 2:7; 4:13). എന്നിരുന്നാലും, ദൈവം "ലോകത്തിൽ ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ഭോഷത്വമായതിനെയാണ് തിരഞ്ഞെടുത്തിരുന്നത്" (1 കൊരിന്ത്യർ 1:27).

**വാക്യം 13.** യേശു **നസറേത്തിലേക്കു** മടങ്ങി വന്നു, അതു അവന്റെ മാതൃദേശമായിരുന്നു (2:23). എങ്ങനെയായാലും, കുറച്ച് കഴിഞ്ഞ് അവൻ അവിടം വിട്ടുപോയി – ഒരുപക്ഷെ ആളുകൾ അവനെ തള്ളിക്കളഞ്ഞതുകൊണ്ടായിരിക്കാം (ലൂക്കൊ. 4:16–31)[2] – കഫർന്നഹൂം അവന്റെ പ്രവർത്തന കേന്ദ്രമാക്കി, **അതു കടൽക്കരെയായിരുന്നു.** ആ പട്ടണത്തെ പിന്നീട് "അവന്റെ സ്വന്തപട്ടണമായി" അറിയപ്പെട്ടു (9:1). അത് ആദ്യം **സെബൂലൂൻ, നഫ്ത്താലി** എന്നീ ഗോത്രങ്ങൾക്ക് അനുവദിച്ചുകൊടുത്തതായിരുന്നു.

കഫർന്നഹൂം ഉചിതമായി നിർണ്ണയിക്കാവുന്ന സ്ഥാനം, ഗലീലാക്കടലിന്റെ വടക്കുകിഴക്കുള്ള പ്രദേശമായ തെൽഹും ആണ്. 1905–ൽ ഫ്രാൻസിക്കൻസ് ആ സ്ഥലം മുഴുവൻ കുഴിച്ച്, അതു പുരാതന കഫർന്നഹൂം ആണെന്ന് വിശ്വസിക്കാവുന്ന തെളിവുകൾ കണ്ടെടുത്തിട്ടുണ്ട്. "കഫർന്നഹൂം" എന്ന വാക്കിന്റെ അർത്ഥം "നാഹൂമിന്റെ ഗ്രാമം" എന്നാണ്, ഒരുപക്ഷെ അവിടെയായിരിക്കാം ആ പഴയനിയമ പ്രവാചകൻ താമസിച്ചിരുന്നതു. "നാഹൂം" എന്നതിനർത്ഥം "മനസലിവുള്ളവൻ" എന്നാണ്. ആളുകളുടെ മനോഭാവത്തെ ശ്രദ്ധിച്ചിരുന്നതുകൊണ്ടുകൂടെയാകാം ആ ഗ്രാമത്തിന് ആ പേർ ലഭിച്ചത്.

യേശുവിന്റെ ഉപദേശത്തിന്റേയും പ്രസംഗത്തിന്റേയും കേന്ദ്രമായിരുന്നു കഫർന്നഹൂം. അത് ഗലീലാക്കടലിനടുത്തായിരുന്നു, ആ കടലിനെ ഗിന്നേരെത്ത് കടലെന്നും (സംഖ്യാ. 34:11), ഗെന്നേസരേത്ത് തടാകം (ലൂക്കൊ.5:1), തിബര്യാസ് നദി എന്നും വിളിച്ചിരുന്നു (യോഹ. 21:1). കടൽ എന്നത് വലിയ വെള്ളത്തെ അല്ല പ്രതിനിധാനം ചെയ്തിരുന്നത്. ഇന്ന് അതിന്റെ നീളം തെക്കുവടക്ക് ഏതാണ്ട് പതിമൂന്നു മൈലും വീതി കിഴക്കുപടിഞ്ഞാറ് ഏതാണ്ട് എട്ടു മൈലുമാണ്. അത് കടൽനിരപ്പിൽനിന്നു എഴുന്നൂറ് അടി താഴ്ച്ചയിലാണ്. അതിനു ചുറ്റുമുള്ള തീരപ്രദേശങ്ങളിലാണ് പാലസ്തീന്റെ ജനസംഖ്യയിലധികവുമുള്ളത്. അതിന്റെ തീരപ്രദേശങ്ങളിൽ തന്നെ ഒമ്പതു പട്ടണങ്ങൾ ചേർന്നു കിടന്നിരുന്നു, അവയിൽ തിബര്യാസ് മാത്രമാണ് ഇന്നുള്ളത്.

**വാക്യം 14.** യേശു കഫർന്നഹൂമിലേക്ക് മാറിയതു യാദൃശ്ചികമായിരുന്നില്ല, മറിച്ച് **യെശയ്യാ പ്രവാചകൻ പ്രവചിച്ചത്** നിറവേറുന്നതിനായിരുന്നു എന്ന് മത്തായി സൂചിപ്പിച്ചിരിക്കുന്നു. അടുത്ത രണ്ടുമൂന്നു വാക്യങ്ങളിൽ മത്തായി ഉദ്ധരിച്ചത് യെശയ്യാവ് 9:1, 2 ആയിരുന്നു.

**വാക്യം 15.** കഫർന്നഹൂമിൽ പ്രധാനപ്പെട്ട റോഡുകളുണ്ടായിരുന്നു. മുഖ്യമായ വ്യാപാര റൂട്ട് മിസ്രയിമിൽനിന്നു സിറിയയിലേക്കുള്ള ആസ്വദിച്ചിരുന്ന ഒരു പട്ടണമായിരുന്നു അത്, അതിനെ **കടൽവഴി** എന്നു വിളിച്ചിരുന്നു (യെശ. 9:1). ഗലീലയെ പ്രത്യേകമായി പ്രതിപാദിച്ചുകൊണ്ട്, ഡൊണാൾഡ് ഏ. ഹെഗ്നെർ പറഞ്ഞു,

> യേശുവിന്റെ ശുശ്രൂഷയിലെ മുഖ്യ ടൗണുകളായിരുന്ന കഫർന്നഹൂമും ബേത്ശേദയും വഴി (ദ വയാ മാരിസ്) ഗലീലക്കടൽക്കരയിൽ പടിഞ്ഞാറായി ഒരു ശാഖ മദ്ധ്യധരണ്യാഴിയുടെ വശങ്ങളിൽകൂടെ ദമസ്ക്കൊസിനേയും കൈസര്യയെയും ബന്ധിപ്പിക്കുന്ന റോമൻ റോഡ് ആയിരുന്നു ... "കടൽ വഴി".[3]

പാലസ്തീന്റെ ജനസംഖ്യാ സാന്ദ്രതയുള്ള പ്രദേശമായിരുന്നു കഫർന്നഹൂം. ഗലീലിയിലെ നാടുവാഴിയായിരുന്ന യെഹൂദ ചരിത്രകാരനായിരുന്ന ജോസെഫസ് എഴുതിയത്, അവിടെ 240 ഗ്രാമങ്ങളും ടൗണുകളും ഉണ്ടായിരുന്നു എന്നാണ്. അവയിൽ ഒന്നിലും പതിനയ്യായിരത്തിൽ കുറഞ്ഞ ജനസംഖ്യയില്ലായിരുന്നു.[4]

ബഹുജാതി-ജനസംഖ്യയായിരുന്നു ഗലീലിയിലുണ്ടായിരുന്നത്. **ജാതികളുടെ ഗലീലി** എന്നാണ് അതിനെ അറിയപ്പെട്ടിരുന്നത് (യെശ. 9:1) കാരണം ബി. സി.എട്ടാം നൂറ്റാണ്ടു മുതൽ രണ്ടാം നൂറ്റാണ്ടുവരെ അവിടെ അധികവും ജാതികളായിരുന്നു, ചുറ്റും ജാതികളുടെ ദേശങ്ങളുമായിരുന്നതു നിമിത്തം അവരായിരുന്നു പട്ടണത്തെ നിയന്ത്രിച്ചിരുന്നത്. തെക്കു ശമര്യക്കാരും, പടിഞ്ഞാറ്, ഫൊയ്നിക്യരുടെ പിൻഗാമികളും, വടക്കും കിഴക്കും സിറിയയുമായിരുന്നു. മുൻപ്, സോർ രാജാവായിരുന്ന ഹിരാമിന്നു, ശലോമോൻ ഇരുപതു പട്ടണങ്ങൾ നൽകിയപ്പോൾ, നുഴഞ്ഞുകയറിയവരായിരുന്നു ജാതികൾ (1 രാജാക്കന്മാർ 9:11). അതിലുപരിയായി, ദേശം കൈവശമാക്കുവാൻ അനുവദിക്കപ്പെട്ട യിസ്രായേൽമക്കൾ, അവിടെ താമസിച്ചിരുന്ന അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരെ മുഴുവനായും ഓടിച്ചു കളഞ്ഞിരുന്നില്ല (ന്യായാ. 1:30, 33). പാലസ്തീന്റെ മറ്റു ഭാഗങ്ങളിലില്ലാത്ത വിവിധങ്ങളായ ആചാരങ്ങളും ചടങ്ങുകളും ഗലീലിയിലുണ്ടായിരുന്നു. അവർ "എപ്പോഴും പുതുമ ആഗ്രഹിക്കുന്നവരും, മാറുന്ന സ്വഭാവമുള്ളവരും, രാജ്യദ്രോഹത്തിൽ സന്തോഷിക്കുന്നവരുമാണ്"[5] എന്ന് ജോസെഫസ് പറഞ്ഞിരിക്കുന്നു.

**വാക്യം 16.** ഉദ്ധരിച്ച പ്രവചനം (9:2) വ്യക്തമാക്കുന്നത് അശൂര്യർ വന്ന് ആ പ്രദേശത്തെ നശിപ്പിച്ച് അവരെ ആത്മിയ **അന്ധത**യിലാക്കിയത് അവർ ദൈവത്തിന്റെ സത്യമെന്ന **പ്രകാശത്തെ** തിരിച്ചറിയുവാനായിരുന്നു. വരുവാനിരുന്ന ആ സത്യവെളിച്ചം ആദ്യം യെഹൂദ്യയിലോ, യെരുശലേമിലോ വരികയില്ല, അത് വരുന്നത് അന്ധകാരമുള്ള പ്രദേശത്തായിരിക്കും. "അന്ധത" എന്ന വാക്ക് ആത്മിയകാഴ്ച്ചയില്ലായ്മ, ധാർമ്മിക അധഃപ്പതനം, പ്രത്യാശയില്ലായ്മയാണ് സൂചിപ്പിക്കുന്നത്. അതിന്റെ നേരെ എതിരാണ് "വെളിച്ചം" എന്നത് അർത്ഥ

മാക്കുന്നത്, ആത്മിയമായ ഉൾക്കാഴ്ച്ച, പരിജ്ഞാനം, ധാർമ്മികമായ ജീവിതം, സന്തോഷം എന്നിവയാണ്. യേശു ആ പ്രദേശത്തേക്കു വന്നത്, ആ പ്രദേശത്തെ അന്ധത മാറ്റുവാൻ വലിയ സത്യവെളിച്ചവുമായാണ് യേശു വന്നതു. യേശു തന്നെയും "വെളിച്ചമാകുന്നു" (യോഹ. 1:4, 8, 9; 3:19; 8:12; 12:46).

യെഹൂദന്മാരായ **ആളുകളുടെ** ഇടയിലേക്കായിരുന്നു യേശു വന്നത്. ദേശിയത തിരിച്ചറിയുവാൻ മത്തായി ഈ ഗ്രീക്ക് വാക്ക് അടിക്കടി ഉപയോഗിച്ചിരിക്കുന്നു (1:21; 2:4, 6; 4:23; 9:35; 13:15; 15:8; 21:23; 26:3, 5, 47; 27:1, 25, 64). യേശുവിന്റെ ശുശ്രൂഷയിലെ ഉന്നം "യിസ്രായേലിലെ കാണാതെ പോയ ആടുകളായിരുന്നു" (10:6; 15:24). "സകല ജാതികൾക്കുമായുള്ള" സുവിശേഷസന്ദേശത്തിന്റെ സ്വഭാവം സാർവ്വദേശിയമാണ്, അത് യെഹൂദന്മാർ താമസിച്ചിരുന്ന "ജാതികളുടെ ഗലീലയിൽ" എത്തിയത് മുൻനിഴലായിട്ടായിരുന്നു (28:19; 1:3; 2:1 എന്നിവയുടെ പരാമർശം നോക്കുക).

**വാക്യം 17. ആ സമയം മുതൽ** യേശുവിന്റെ പ്രവർത്തനങ്ങൾ ഒരു പുതിയ ദിശയിലേക്ക് തിരിഞ്ഞു. **യേശു പ്രസംഗിച്ചു തുടങ്ങി** എന്ന പ്രയോഗം, അവന്റെ സ്നാനത്തിനും യോഹന്നാന്റെ തടവിനും ഇടക്ക് അവൻ പ്രസംഗിച്ചിരുന്നില്ല എന്ന് അർത്ഥമാക്കരുത്, കാരണം യേശു ഗലീലിയുടെ മറ്റു ഭാഗങ്ങളിൽ പ്രസംഗിക്കയും ശുശുശ്രൂഷിക്കയും ചെയ്തിരുന്നതായി ലൂക്കൊസ് പറയുന്നുണ്ട് (ലൂക്കൊ. 4:14, 15). മർക്കൊസ് 1:14 രേഖപ്പെടുത്തിയിരിക്കുന്നത്, "എന്നാൽ യോഹന്നാൻ തടവിൽ ആയശേഷം യേശു ഗലീലയിൽ ചെന്നു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു" എന്നാണ്. യോഹന്നാൻ മുൻപ് പ്രസംഗിച്ചിട്ടില്ലാത്ത പ്രദേശത്ത് യേശു പ്രസംഗിച്ചു തുടങ്ങി എന്നാണ് മത്തായി രേഖപ്പെടുത്തിയ "പ്രസംഗിച്ചുതുടങ്ങി" എന്ന പ്രയോഗത്തിന്റെ അർത്ഥം. അവന്റെ പരസ്യമായ ഉപദേശത്തിന്റെ ആരംഭത്തെയാണ് ആ പ്രസ്താവന സൂചിപ്പിക്കുന്നത്.

ആളുകളോട് **മാനസാന്തര**പ്പെടുവാനാണ് യേശു ആഹ്വാനം ചെയ്തത്, ആ വാക്കിനർത്ഥം, ജീവിതത്തെ മാറ്റുവാൻ മനസിനെ പാകപ്പെടുത്തുക എന്നാണ്. **സ്വർഗരാജ്യം ആസന്നമാ**[യിരുന്ന]**തിനാലാണ്** ആളുകൾ മാനസാന്തരപ്പെടേണ്ടിയിരുന്നത്. അന്നു ദൈവരാജ്യം വന്നിരുന്നില്ല, പക്ഷെ അതിന്റെ വരവ് അടുത്തിരുന്നു. ദൈവരാജ്യത്തിൽ പ്രവേശിക്കുന്നവർക്ക് മാനസാന്തരം അനിവാര്യമാണ് (ലൂക്കൊ. 13:3, 5; പ്രവൃത്തികൾ 2:38; പ്രവൃത്തികൾ 17:30). ജാക് പി. ലൂയിസ് പറഞ്ഞു, "ഈ സന്ദർഭത്തിലെ യേശുവിന്റെ പ്രസംഗം യോഹന്നാൻ സ്നാപകൻ പ്രസംഗിച്ചതു തന്നെയായിരുന്നു (മത്താ. 3:2), പിന്നീട് തന്റെ ശിഷ്യന്മാരും അതു പ്രസംഗിച്ചു (മത്തായി 10:7)."[6]

## ആദ്യ ശിഷ്യന്മാരെ വിളിക്കൽ
## (4:18-22)

**18അവൻ ഗലീലാക്കടൽപുറത്തു നടക്കുമ്പോൾ, പത്രൊസ് എന്നു പേ
രുള്ള ശീമോൻ, അവന്റെ സഹോദരനായ അന്ത്രെയാസ് എന്നിങ്ങനെ മീൻ പി
ടിക്കാരായ രുണ്ടു സഹോദരന്മാർ കടലിൽ വല വീശുന്നതു കണ്ടു. 19എന്റെ
പിന്നാലെ വരുവിൻ, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്ന്
അവരോട് പറഞ്ഞു. 20ഉടനെ അവർ വല വിട്ടേച്ച് അവനെ അനുഗമിച്ചു.
അവിടെ നിന്നു മുമ്പോട്ട് പോയാറെ സെബദിയുടെ മകൻ യാക്കൊബും**

**അവന്റെ സഹോദരൻ യോഹന്നാനും എന്ന [21]വേറെ രണ്ടു സഹോദരന്മാർ പടകിൽ ഇരുന്നു അപ്പനായ സെബദിയുമായി വല നന്നാക്കുന്നതു കണ്ടു. അവരെയും വിളിച്ചു. [22]അവരും ഉടനെ പടകിനേയും അപ്പനേയും വിട്ടു അവനെ അനുഗമിച്ചു.**

യേശു തന്റെ ആദ്യത്തെ നാല് ശിഷ്യന്മാരെ എങ്ങനെ തിരഞ്ഞെടുത്തു എന്നാണ് മത്തായി ഇവിടെ വിശദമാക്കുന്നത്. യേശു ഈ രണ്ടു സഹോദര ന്മാരെ വിളിക്കുന്നതിന്റെ സമാനസംഭവങ്ങൾ നൽകുന്നുണ്ട്: പത്രൊസിനേയും അന്ത്രെയാസിനേയും (4:18–20) യാക്കൊബിനെയും യോഹന്നാനേയും (4:21, 22). സംഭവങ്ങളിലെല്ലാം ഒരേ മൂലകങ്ങളാണുള്ളത്: (1) യേശുവിന്റെ ചലനം, (2) അവൻ സഹോദരന്മാരെ നിരീക്ഷിക്കുന്നു, (3) അവരുടെ മീൻപിടിക്കൽ ജോലി, (4) ശിഷ്യന്മാരാകുവാൻ യേശു അവരെ വിളിക്കുന്നു, (5) ശിഷ്യന്മാ രുടെ പ്രതികരണം.[7]

ആ രണ്ടു സഹോദരന്മാരെ യേശു കണ്ടത് ആദ്യമായിട്ട് ആയിരുന്നില്ല. തന്റെ സ്നാനത്തിനു ശേഷം, യേശു ഗലീലിയിലേക്ക് മടങ്ങി പോയപ്പോൾ അവനോടുകൂടെ പത്രൊസും, അന്ത്രെയൊസും, ഫിലിപ്പൊസും നഥനയേലും അവനെ അനുഗമിച്ചിരുന്നു (യോഹ. 1:35–45). ഗലീലയിലെ കാനാവിൽ, യേശു ആദ്യം അടയാളങ്ങളുടെ ആരംഭമായി വെള്ളം വീഞ്ഞാക്കി മാറ്റിയപ്പോൾ, ചുരുങ്ങിയത് ആ നാല് സഹോദരന്മാർ യേശുവിനോടൊപ്പം ഉണ്ടായിരുന്നു (യോഹ. 2:1, 2).

ഒരു “ശിഷ്യൻ” എന്നു പറഞ്ഞാൽ, “പിൻഗാമി,” അഥവാ, മറ്റൊരാളുടെ “വിദ്യാർത്ഥി,” എന്നാണ്. വിദ്യാർത്ഥിയാകുവാൻ ആഗ്രഹിച്ച ഒരു യഹൂദൻ ഗുരുവിനെ അന്വേഷിക്കും,[8] എന്നാൽ യേശു ചെയ്തതുപോലെ ഒരു ഗുരു വിദ്യാർത്ഥികളെ അന്വേഷിക്കുന്നത് അസാധാരണമായിരുന്നു (യോഹ. 15:16).[9] യേശുവിന്റെ ആദ്യ ഭാഗ ശുശ്രൂഷയിൽ അവനു അസംഖ്യം ശിഷ്യന്മാർ ഉണ്ടായിരുന്നു. വളരെയധികം പുരുഷാരം അവനെ അനുഗമിച്ചിരുന്നു. ആ സമയത്ത്, യേശു പോകുവാനുദ്ദേശിച്ച പട്ടണങ്ങളിൽ ആദ്യം തന്റെ എഴുപതു ശിഷ്യന്മാരെ അവൻ “ചുരുങ്ങിയ ആജ്ഞയുമായി” അയക്കുന്നു (ലൂക്കൊ. 10:1). ചിലപ്പോൾ, ആ വലിയ ഗണം ശിഷ്യന്മാരിൽനിന്നു പന്ത്രണ്ടുപേരെ തിരഞ്ഞെടുത്ത് തന്റെ അപ്പൊസ്തലന്മാരാക്കിയിരിക്കാം (ലൂക്കൊ. 6:13–16; മത്താ. 10:1–4 നോക്കുക). തനിക്കു വേണ്ടി പ്രവർത്തിപ്പാൻ, അവൻ തിര ഞ്ഞെടുത്തു പരിശീലിപ്പിച്ച് അയച്ചതുകൊണ്ട് അവരെ “അപ്പൊസ്തലന്മാർ” എന്നു വിളിച്ചു. തന്റെ വ്യക്തിപരമായ സാക്ഷികളാകുവാൻ അവൻ അവരെ സ്ഥാനാപതികളാക്കി (പ്രവൃത്തികൾ 1:8). 4:18–22-ൽ യേശു തിരഞ്ഞെടുത്ത നാലു ശിഷ്യന്മാർ അവനോട് ഏറ്റവും അടുത്ത അപ്പൊസ്തലന്മാരായി (17:1; 26:37; മർക്കൊ. 5:37; 13:3).

**വാക്യം 18. യേശു ശീമോനെയും** അവന്റെ സഹോദരൻ **അന്ത്രെയാ സിനേയും** കണ്ടപ്പോൾ അവർ മീൻ പിടിക്കയായിരുന്നു. അവർ ഉപയോഗിച്ച **വല** വൃത്താകൃതിയിലുള്ളതും ഇയ്യമണികളോടുകൂടിയതുമായിരിക്കാം.[10] അവർ യാക്കൊബിനോടും, യോഹന്നാനോടും സെബദിയോടുമൊത്ത് മൽസ്യ വ്യാപാരത്തിലേർപ്പെട്ടിരുന്നു (മർക്കൊ. 1:20; ലൂക്കൊ. 5:7, 10). ശീമോനു ം അന്ത്രെയാസും ബേദ്സെയിദക്കാരായിരുന്നു (യോഹ. 1:44), എന്നാൽ അവർ അടുത്ത സമയത്ത് കഫർന്നഹൂമിലേക്ക് താമസം മാറ്റിയിരുന്നു (8:5,

14; മർക്കൊ. 1:21, 29; ലൂക്കൊ. 4:31, 38).

ശീമോന്റെ പേർ യേശു "കേഫാവ്" (അരാമ്യയിൽ) അല്ലെങ്കിൽ **പത്രൊസ്** (ഗ്രീക്കിൽ) എന്നു മാറ്റി, അതിനർത്ഥം "ഒരു കല്ല്" എന്നാണ് (യോഹ. 1:42). "പ്രത്യാശയുള്ള, ധൈര്യശാലി, തുറന്ന, വിശ്വാസമുള്ള ആവേശവും ഊർജ്ജവുമുള്ള, വീര്യവും, ശക്തിയും സ്നേഹവുമുള്ളവനും, ക്രൂശിനു മുമ്പ് തെറ്റു പറ്റിയെങ്കിലും തിരുത്തി, തന്റെ യജമാനനോട് വിശ്വസ്തതയുള്ളവനും"[11] എന്നു വിശേഷിപ്പിക്കാം.

അന്ത്രെയാസ് ഒരു ഗ്രീക്ക് പേരാണ്, അർത്ഥം "ധൈര്യമുള്ള" "പുരുഷത്വമുള്ള" എന്നാണ്. ക്രിസ്തുവിനെ അനുഗമിച്ച പന്ത്രണ്ടുപേരിൽ ഒന്നാമത്തവനായിട്ടാണ് അവനെ കാണപ്പെടുന്നത് (യോഹ. 1:40). അവൻ യേശുവിനെ പരിചയപ്പെട്ടശേഷം ചെന്നു തന്റെ സഹോദരൻ ശീമോനെ കൊണ്ടുവന്നു യേശുവിനെ പരിചയപ്പെടുത്തി (യോഹ. 1:41, 42). അവനെ ഇടക്കിടക്ക് വിളിച്ചിരിക്കുന്നത് "ശീമോൻ പത്രൊസിന്റെ സഹോദരൻ" ആയിട്ടാണ് (യോഹ. 1:40; 6:8; മത്താ. 10:2; ലൂക്കൊ. 6:14), എന്നാൽ പത്രൊസിനെ കൂടാതെ വേറെയും ആളുകളെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നിരുന്നു (യോഹ. 6:8, 9; 12:20–22). നിസ്വാർത്ഥനും ശുഭാപ്തിവിശ്വാസക്കാരനുമായിട്ടാണ് അവനെ അറിയപ്പെട്ടിരുന്നത്.

**വാക്യം 19. എന്നെ അനുഗമിക്ക എന്നാൽ ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും** എന്നായിരുന്നു യേശു പത്രൊസിനോടും അന്ത്രെയാസിനോടും പറഞ്ഞത്. "പിന്നാലെ വരുവിൻ" എന്നതിനുപയോഗിച്ച ഗ്രീക്ക് വാക്ക് തർജിമ ചെയ്തിരിക്കുന്നത് ശക്തമായ ആജ്ഞ പ്രതിഫലിക്കുന്നതാണ്. "എന്നെ അനുഗമിക്ക" എന്നതു "എന്റെ പിന്നാലെ വരുവിൻ" എന്നും തർജിമ ചെയ്യാവുന്നതാണ്. റബ്ബിമാരിൽ നിന്നും പഠിക്കുവാനായി ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്ക് അവരുടെ പിന്നാലെ പോകുന്നതു പതിവായിരുന്നു. "ഞാൻ ആക്കും" എന്നതു സൂചിപ്പിക്കുന്നത് വരുവാനിരിക്കുന്ന അവരുടെ ദൗത്യത്തിനു യേശു അവരെ പ്രാപ്തരാക്കുമെന്നാണ്.

ആ സഹോദരന്മാർ മീൻ പിടിക്കുന്നവരായിരുന്നു, എന്നാൽ അവരെ "മനുഷ്യരെ പിടിക്കുന്ന" വരാക്കുമെന്നർത്ഥം. ആ സന്ദർഭത്തെ കുറിച്ച് അൽപം കൂടെ വിശദീകരണം ലൂക്കൊസ് നൽകുന്നുണ്ട് (ലൂക്കൊ. 5:1–11). അവരുടെ പടകു മുങ്ങത്തക്കവണ്ണം – അത്ഭുതാവഹമായ മീൻപിടിത്തത്തിനുശേഷം – യേശു അവരോട് പറഞ്ഞു, "ഭയപ്പെടേണ്ട, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും" (ലൂക്കൊ. 5:10). മനുഷ്യരെ പിടിക്കുക എന്നതിന് പഴയ നിയമത്തിൽ വേരുകളുള്ളത് ന്യായവിധിക്ക് ആളുകളെ കൂട്ടിച്ചേർക്കുന്നതിനെയാണ് പറയുന്നത് (യിരെ. 16:16; ആമോസ്. 4:2; ഹബ. 1:14–17). പുതിയ നിയമത്തിൽ അതിന്റെ ഭാവന രക്ഷയെ, ദൈവരാജ്യത്തിലേക്ക് ആളുകളെ ആകർഷിക്കുന്നതായിട്ടാണ് സൂചിപ്പിക്കുന്നത്. 13:47 ലെ ഉപമ, സുവിശേഷ വല വിരിച്ച് കഴിയുന്നത്ര ആളുകളെ പിടിക്കുന്നതിനെയാണ് വ്യക്തമാക്കുന്നത്.[12] ഒരു വ്യാഖ്യാതാവ് പറഞ്ഞു, "ഇനി തടാകത്തിൽനിന്നു മീൻപിടിക്കുകയല്ല, ദൈവത്തിന്റെ വലിയ വലയെറിഞ്ഞ് പാപത്തിന്റെ അഗാധകൂപത്തിൽ നിന്നും മരണത്തിൽനിന്നും ആളുകളെ വലിച്ചെടുക്കുയാണ് ചെയ്യുന്നത്!"[13] ആ ദൗത്യം മഹത്തായ ആജ്ഞയിൽ, ആദ്യം അപ്പൊസ്തലന്മാർക്ക് നൽകുകയും, പിന്നീട് "ലോകാവസാനത്തോളം" എല്ലാ ശിഷ്യന്മാർക്കും ഉദ്ദേശിച്ചിരിക്കയുമാണ് (28:20) – അതാണ് യേശു തന്റെ എല്ലാ ശിഷ്യന്മാരിൽനിന്നും

പ്രതീക്ഷിക്കുന്നത്.

**വാക്യം 20**. യജമാനന്റെ വിളിയോട് പത്രൊസും അന്ത്രെയാസും ഉടനെ പ്രതികരിച്ചു. അവരുടെ **വലകൾ വിട്ട് അവർ യേശുവിനെ അനുഗമിച്ചു** എന്നാണ് മത്തായി പറഞ്ഞിരിക്കുന്നത്. 4:18 ലെ പ്രത്യേക വാക്കിൽനിന്നു വ്യത്യസ്തമായി ഗ്രീക്കിൽ "വലകൾ" എന്നാണ്, അത് വിവിധ രീതികളിലുള്ളതായും വ്യക്തമാക്കുന്നു.

ലൂക്കൊസ് 5:11 പറയുന്നു "അവർ സകലവും വിട്ട് അവനെ അനുഗമിച്ചു." പിന്നീട് "സകലവും" എന്ന ത്യാഗത്തെ പത്രൊസ് വിവരിച്ചു പറയുന്നുണ്ട്. "ഞങ്ങൾ സകലവും വിട്ടു നിന്നെ അനുഗമിച്ചുവല്ലൊ; ഞങ്ങൾക്ക് എന്തു കിട്ടും?" (19:27). തന്റെ ശിഷ്യന്മാർക്ക് അവൻ നൽകുവാനിരിക്കുന്ന വർദ്ധിച്ച അനുഗ്രഹങ്ങളെ അവൻ വീണ്ടും ഉറപ്പിച്ചു പറഞ്ഞു (19:28-30).

**വാക്യം 21, 22**. യേശു **യാക്കൊബിനെയും യോഹന്നാനെയും** സമീപിച്ചപ്പോൾ, ആ **സഹോദരന്മാർ** അവരുടെ പടകിൽ ഇരുന്നു **അപ്പനോടുകൂടെ വല നന്നാക്കുകയായിരുന്നു**. "നന്നാക്കുക" എന്നതിന്, "പുനസ്ഥാപിക്കുക" "ക്രമത്തിലാക്കുക" എന്നാണ് അർത്ഥം. മീൻപിടിത്തക്കാരുടെ വലകൾ, വൃത്തിയാക്കി മടക്കി വെക്കുക എന്നും അർത്ഥമുണ്ട്.

**അവൻ അവരെ വിളിച്ചു** എന്നാണ് വേദഭാഗം പറയുന്നത്. അവൻ അവരോട് പറഞ്ഞതെന്തെന്ന് നമ്മോട് പറയുന്നില്ലെങ്കിലും, മറ്റുരണ്ടു പേരോടു പറഞ്ഞതു തന്നെയായിരിക്കും അവരോടും പറഞ്ഞതെന്നു നമുക്ക് ഊഹിക്കാം "എന്റെ പിന്നാലെ വരുവിൻ, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും" (4:19). പത്രൊസിന്റെയും അന്ത്രെയാസിന്റെയും പ്രതികരണം തന്നെയായിരുന്നു അവരുടേയും പ്രതികരണം: **ഉടനെ അവർ വല ... വിട്ടേച്ച് അവനെ അനുഗമിച്ചു**. അവർ തങ്ങളുടെ സകലവും - മൽസ്യവ്യാപാരം, വീടുകൾ, കുടുംബാംഗങ്ങൾ എന്നിവ വിട്ടിട്ടാണ് - അപ്പൊസ്തലന്മാരായത് (19:27-30).

തിരുവെഴുത്തിൽ നേരിട്ട് ഇവിടെ മാത്രമാണ് യാക്കൊബിന്റെയും യോഹന്നാന്റെയും അപ്പനായ **സെബദിയെ** നാം കാണുന്നത്. അവന്റെ പേരിന്റെ അർത്ഥം, "യഹോവയുടെ ദാനം" എന്നാണ്. യേശുവിന്റെ അമ്മ മറിയയുടെ സഹോദരി ആയിരുന്നേക്കാം അവന്റെ ഭാര്യ ശലോമി (27:56; മർക്കൊ. 15:40; യോഹ. 19:25). അതു ശരിയാണെങ്കിൽ, യേശു യാക്കൊബിന്റെയും യോഹന്നാന്റെയും കസിൻ ആയിരുന്നു. ആ ഭൗതികമായ ബന്ധം കാരണമാകാം അവരുടെ അപ്പൻ തടയാതെ അവർ ഉടനെ അനുഗമിച്ചത്.

യാക്കൊബിന്റേയും യോഹന്നാന്റെയും ഓമനപ്പേരായിരുന്നു "ബോഅനേർഗ്ഗസ്" അർത്ഥം "ഇടിമക്കൾ" (മർക്കൊ. 3:17). ശമര്യപട്ടണത്തിൽ തീ ഇറക്കി നശിപ്പിക്കുവാൻ ശ്രമിച്ച അവരുടെ മുൻകോപമാണ് അതു വെളിപ്പെടുത്തുന്നത്, പക്ഷെ യേശു അത് നിരസിച്ചു (ലൂക്കൊ. 9:51-56). യാക്കൊബും യോഹന്നാനും അഭിലാഷമുള്ളവരായിട്ടാണ് കാണപ്പെട്ടത്. അവരുടെ അമ്മ മുഖാന്തരം അവർക്ക് ദൈവരാജ്യത്തിൽ പ്രമുഖസ്ഥാനം ലഭിക്കുവാൻ അപേക്ഷിച്ചിരുന്നു (20:20-28; മർക്കൊ. 10:35-45). യേശുവിനോടുകൂടെ അവർ ചെലവഴിച്ച സമയം അവരുടെ ജീവിതത്തെ മാറ്റി മറിച്ചു. "യേശു സ്നേഹിച്ച ശിഷ്യനായി" യോഹന്നാൻ മാറി (യോഹ. 13:23; 20:2; 21:7, 20-24), യാക്കൊബ് അപ്പൊസ്തലന്മാരിൽ ആദ്യ രക്തസാക്ഷിയാവുകയും ചെയ്തു (പ്രവൃത്തികൾ 12:1, 2).

## ആരംഭ ഗലീലാ ശുശ്രൂഷ
## (4:23-25)

**[23]പിന്നെ യേശു ഗലീലയിൽ ഒക്കെയും ചുറ്റി സഞ്ചരിച്ചുകൊണ്ട്, അവരുടെ പള്ളികളിൽ ഉപദേശിക്കയും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കയും ജനത്തിലുള്ള സകല ദീനത്തെയും വ്യാധിയെയും സൗഖ്യമാക്കുകയും ചെയ്തു.**

**[24]അവന്റെ ശ്രുതി സുറിയയിലൊക്കെയും പരന്നു; നാനാവ്യാധികളാലും ബാധകളാലും വലഞ്ഞവർ, ഭൂതഗ്രസ്തർ, ചന്ദ്രരോഗികൾ, പക്ഷവാതക്കാർ ഇങ്ങനെ സകലവിധ ദീനക്കാരെയും അവന്റെ അടുക്കൽ കൊണ്ടുവന്നു. അവൻ അവരെ സൗഖ്യമാക്കി; ഗലീല, ദക്കെപ്പൊലി, യെരുശലേം, യെഹൂദ്യ, യോർദ്ദാനക്കരെ എന്നീ ഇടങ്ങളിൽനിന്ന് [25]വളരെ പുരുഷാരം അവനെ പിന്തുടർന്നു.**

ഗലീലയിലെ യേശുവിന്റെ പ്രാരംഭ ശുശ്രൂഷയിലേക്കാണ് മത്തായി ഇപ്പോൾ തിരിയുന്നത്. സുവിശേഷത്തിൽ ഉടനീളം അതിന്റെ ചുരുങ്ങിയ വിവരണം നൽകിക്കൊണ്ടിരിക്കുന്നു (4:23–25; 8:16, 17; 9:35; 12:15, 16; 14:14, 35, 36; 15:29–31; 19:1, 2; 21:14).

**വാക്യം 23. യേശു ഗലീലയിൽ** പല പ്രാവശ്യം സഞ്ചരിച്ചതിൽ ആദ്യത്തേതായിരുന്നു ഇത് (9:35–11:1; ലൂക്കൊ. 8:1–3), അതു പാലസ്തീന്റെ വടക്കെ ഭാഗമായിരുന്നു (4:15 ന്റെ പരാമർശം നോക്കുക). ആ പ്രദേശത്ത് ജാതികൾ ധാരാളം ഉണ്ടായിരുന്നെങ്കിലും, യേശുവിന്റെ **ഉപദേശങ്ങളും** പ്രസംഗങ്ങളും എല്ലാം **പള്ളികളിലായിരുന്നു** (9:35; 12:9; 13:54). അവന്റെ ശുശ്രൂഷ യെഹൂന്മാരിലായിരുന്നു എന്നു തീർത്തു പറയാം (10:5, 6; 15:21–28).

ചരിത്രപരമായ രേഖകളിൽ ബി. സി. 200 വരെ[14] പള്ളികളെ കുറിച്ചു പറഞ്ഞിട്ടില്ലെങ്കിലും, പള്ളികൾ ആരംഭിച്ചത് ബാബിലോൺ പ്രവാസകാലത്തായിരുന്നു. അവ യെഹൂദ ജീവിതത്തിലെ മതപരമായ കേന്ദ്രമായിരുന്നു. അവ അന്നത്തെ "സഭകൾ" ആയിരുന്നു, ആളുകൾ ശബ്ബത്തിൽ കൂടിവരികയും തിരുവെഴുത്ത് വായിച്ച് ചർച്ച ചെയ്യുകയും ചെയ്തിരുന്നു. മിഷ്നാ അനുസരിച്ച് പത്ത് യെഹൂദ പുരുഷന്മാർ എവിടെ താമസിക്കുന്നുവോ അവിടെ അവർ ഒരു പള്ളി സ്ഥാപിക്കും.[15] ഏ. ഡി. 70-ൽ യെരുശലേം നശിപ്പിക്കുന്നതിനു മുൻപ് യെരുശലേമിൽ 480 പള്ളികളുണ്ടായിരുന്നതായി യെരുശലേം താൽമൂദ് രേഖപ്പെടുത്തിയിരിക്കുന്നു.[16] എന്നാൽ ബാബേൽ താൽമൂദിൽ 394 എണ്ണം ഉണ്ടായിരുന്നതായിട്ടാണ് പറയുന്നത്.[17]

കുന്നിന്റെ മുകളിലുള്ള ടൗണിന്റെ മദ്ധ്യ ഭാഗത്തായി എല്ലാവർക്കും കാണത്തക്കവിധത്തിലാണ് പള്ളികൾ സ്ഥിതി ചെയ്തിരുന്നത്. എങ്കിലും അത് എല്ലാ സ്ഥലങ്ങളിലും സാധ്യമായിരുന്നില്ല.[18] പള്ളികൾ നദിക്കരികിൽ, അല്ലെങ്കിൽ കടൽക്കരയിൽ പണിയുക എന്ന ഒരു പ്രവണതയുമുണ്ടായിരുന്നു, അത് കഴുകൽ സംബന്ധമായ ആചാരത്തിനായിരുന്നു.

പള്ളികൾ നയിച്ചിരുന്നത് "പ്രമാണി (മാർ)" ആയിരുന്നു (മർക്കൊ. 5:22; ലൂക്കൊ. 8:41; പ്രവൃത്തികൾ 18:8, 17). പള്ളികളിലെ ശുശ്രൂഷകൾ നിയന്ത്രിക്കുകയും ക്രമീകരിക്കുകയും ചെയ്യുന്ന ഉത്തരവാദിത്തം ആ പ്രമാണിമാർക്കായിരുന്നു (ലൂക്കൊ. 13:14). ന്യായപ്രമാണ പുസ്തകങ്ങളും

പ്രവചനങ്ങളും വായിച്ചശേഷം സന്ദർശകരായ റബ്ബിമാരുണ്ടെങ്കിൽ ഒരാളെ പ്രമാണി വിളിച്ച് എല്ലാവരെയും സംബോധന ചെയ്തു സംസാരിക്കുവാൻ പറയും (പ്രവൃത്തികൾ 13:15; ലൂക്കൊ. 4:16–27). ആ ആചാരമനുസരിച്ച് യേശുവിനും ശിഷ്യന്മാർക്കും ജനത്തോട് സംസാരിക്കുവാൻ അവസരം ലഭിച്ചിരുന്നു.

യേശു തിരുവെഴുത്തിൽനിന്നാണ് ഉപദേശിച്ചത്, എങ്കിലും അവൻ **രാജ്യത്തെ കുറിച്ചുള്ള സുവിശേഷവും പ്രസംഗിച്ചു**. "സുവിശേഷം" എന്ന വാക്കിന്റെ അർത്ഥം "സുവാർത്ത" എന്നാണ്. വാക്യം 17–ൽ പറഞ്ഞ സന്ദേശവും അതായിരിക്കാം: "ദൈവരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" അന്ന് രാജ്യം വരാതിരുന്നതിനാലും, വരവ് ആസന്നമായിരുന്നതിനാലും, യേശു സംസാരിച്ചതായ ആളുകളിൽ ചിലർ രാജ്യം വരുന്നതു കാണുമെന്ന് യേശു പറഞ്ഞിരുന്നു (മർക്കൊ. 9:1). ദൈവരാജ്യത്തെ കുറിച്ചുള്ള കാര്യങ്ങളും ഈ സന്ദേശവും, "യേശു സ്വർഗാരോഹണം ചെയ്യുന്നതുവരെ" പ്രസംഗിച്ചു (പ്രവൃത്തികൾ 1:2, 3).

അവൻ ഉപദേശിക്കയും പ്രസംഗിക്കയും മാത്രമല്ല ചെയ്തത്, **ആളുകളുടെ സകല ദീനങ്ങളെയും വ്യാധികളെയും സൗഖ്യമാക്കി**. യോഹന്നാൻ സ്നാപകനിൽനിന്നു യേശുവിനെ വേർതിരിച്ചറിയാവുന്നതായിരുന്നു അവൻ ചെയ്ത അത്ഭുതങ്ങൾ. ഏതു രീതിയിലുള്ള രോഗമായാലും വ്യാധിയായാലും അതിന്റെ ഉറവിടം എവിടെയായാലും, യേശുവിന് അതു സൗഖ്യമാക്കുവാൻ കഴിഞ്ഞിരുന്നു. ദൈവത്താൽ അയക്കപ്പെട്ട മശിഹയാണ് താനെന്നു തെളിയിക്കുന്ന അത്ഭുതകരമായ അടയാളങ്ങളായിരുന്നു അവ (11:2–6).

**വാക്യം 24**. ആ അത്ഭുതങ്ങളുടെ ഫലമായി, യേശുവിന്റെ ശ്രുതി **സുറിയയിലെങ്ങും** പരന്നു. ഒന്നാം നൂറ്റാണ്ടിൽ, പാലസ്തീൻ മുഴുവൻ ഉൾപ്പെടുന്ന ഒരു വലിയ റോമൻ പ്രവിശ്യയായിരുന്നു അന്നു "സുറിയ" (ലൂക്കൊ. 2:2). ഗലീലയുടെ വടക്കെ ഭാഗത്തുള്ള ദേശം മാത്രമായിരുന്നു അതെന്നു ചിലർ വിശ്വസിക്കുന്നു, 4:25–ൽ പറഞ്ഞിരിക്കുന്ന പ്രദേശങ്ങളും കൂട്ടിച്ചേർത്തിരിക്കാം.

യേശുവിന്റെ ശ്രുതി ആ പ്രദേശങ്ങളിൽ വ്യാപരിച്ചതോടെ, ആ പ്രദേശത്തെ **ഭൂതബാധിതരെയും, അപസ്മാരരോഗികളെയും, പക്ഷവാതരോഗികളെയു**മടക്കം സകലവിധ ദീനക്കാരെയും വ്യാധിക്കാരെയും അവന്റെ അടുക്കൽ കൊണ്ടുവന്നു. വിവിധ രോഗങ്ങൾ സൗഖ്യമാക്കിയത് തെളിയിക്കുന്നത് അവന് ഏതു അവസ്ഥയിലുള്ള രോഗവും സൗഖ്യമാക്കുവാനുള്ള ശക്തിയുണ്ട് എന്നാണ്.

**വാക്യം 25**. യേശു എവിടെ പോയാലും അവനെ പിൻപറ്റുവാൻ ധാരാളം പുരുഷാരം ഉണ്ടായി എന്നതായിരുന്നു യേശുവിന്റെ പ്രചാരത്തിന്റെ മറ്റൊരു ഫലം. ആ പുരുഷാരം **ഗലീലിയിൽ**നിന്നു മാത്രമുള്ളവരായിരുന്നില്ല, പാലസ്തീന്റെ എല്ലാ ഭാഗത്തുനിന്നുമുള്ളവരായിരുന്നു.

**ദെക്കപ്പൊലി** യോർദ്ദാനപ്പുറമുള്ള ജില്ലയായിരുന്നു, അതിന്റെ ഗ്രീക്ക് പേരിന്റെ അർത്ഥം സൂചിപ്പിക്കുന്നതുപോലെ അതിൽ പത്തു പട്ടണങ്ങൾ ഉൾപ്പെട്ടിരുന്നു. ആ യവന പട്ടണങ്ങളെ പ്ലിനി ദ എൽഡർ തിരിച്ചറിഞ്ഞത്, ഫിലദെൽഫിയ, രാഫാന, സൈതോപൊലിസ് (ബേത്ശിയൻ), ഗദാരാ, ഹിപോസ്, ദിയോൻ, പെല്ല, ഗെരേസ, കനാത്താ എന്നിങ്ങനെയാണ്.[19] അതിന്റെ അടിസ്ഥാനപരമായ ഗ്രീക്ക് സംസ്ക്കാരം നിലനിർത്തുവാൻ മഹാനായിരുന്ന അലക്സാണ്ടർ ചക്രവർത്തിയുടെ സൈന്യത്തിലെ വീരന്മാരെ അവിടെ താമസിപ്പിച്ചിരുന്നതായിട്ടാണ് പറയപ്പെടുന്നത്. അത് യോർദ്ദാന്റെ പടിഞ്ഞാറായി

രുന്നു, പക്ഷെ പട്ടണങ്ങൾ യോർദ്ദാന്റെ കിഴക്കായിരുന്നു.

**യെരുശലേമിൽനിന്നും, യെഹൂദ്യ**യിൽനിന്നും, **യോർദ്ദാനപ്പുറത്തു**നിന്നും, ദൂരസ്ഥലങ്ങളിൽനിന്നും വളരെ പുരുഷാരം യേശുവിനെ അനുഗമിച്ചതായി മത്തായി ഊന്നി പറയുന്നു ("യോർദ്ദാനക്കരെയുള്ള ദേശം"; എൻഐവി), അവസാനത്തെ പ്രയോഗം പറയുന്നത് പെറിയയാണ്.

## പാഠങ്ങൾ

### നഷ്ടപ്പെട്ടവരെ കണ്ടെത്തുവാൻ ദൈവപദ്ധതി: പ്രസംഗം (4:12-25)

യേശുവിന്റെ സ്നാനത്തിനും പരീക്ഷണങ്ങൾക്കും ശേഷം, പ്രസംഗിച്ചും, ഉപദേശിച്ചും, സൗഖ്യമാക്കിയും തന്റെ ശുശ്രൂഷ ആരംഭിച്ചു. കുറെ മീൻപിടിത്തക്കാരെ അവൻ ശിഷ്യന്മാരാകുവാൻ വിളിക്കുകയും ചെയ്തു.നമ്മുടെ വേദഭാഗത്തുനിന്നു ഈ പ്രധാന പാഠങ്ങൾ നമുക്ക് പഠിക്കാം:

1. വചനം പ്രസംഗിച്ച് നഷ്ടപ്പെട്ടവരെ കണ്ടെത്തുക എന്നതാണ് ദൈവത്തിന്റെ പദ്ധതി (4:12–17).
2. നമുക്ക് മുൻപ് പ്രവർത്തിച്ചവരുടെ വിടവ് നാം നികത്തണം (4:12, 17).
3. ദൈവപദ്ധതി തുടരേണ്ടതിനു നാം മറ്റുള്ളവരെ തിരഞ്ഞെടുത്തു പരിശീലിപ്പിക്കണം (4:18–22).
4. യേശു തന്റെ പ്രസംഗത്തിൽ പ്രധാനമായി പരിഗണിച്ചതിനെ നാം ശ്രദ്ധിക്കണം (4:17, 23).
5. വാസ്തവത്തിലുള്ള അത്ഭുതവും വ്യാജ അത്ഭുതവും തമ്മിലുള്ള വ്യത്യാസം നാം ഇന്നു മനസിലാക്കണം (4:23, 24).

---

കുറിപ്പുകൾ

[1]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 80. [2]യേശുവിനെ നസറേത്തിൽ തിരസ്ക്കരിച്ചത് 13:53–58 വരുന്നതുവരെ മത്തായി പറയുന്നില്ല. [3]ഡൊണാൾഡ് ഏ. ഹാഗ്നെർ, *മാത്യു 1–13*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം 33ഏ (ഡള്ളാസ്: വേർഡ് ബുക്സ്, 1993), 73. [4]ജോസെഫസ് *ലൈഫ്* 45, *വാഴ്സ്,* 3.3.2. [5]ജോസെഫസ് *ലൈഫ്,* 17. [6]ജാക് പി. ലൂയിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്ര്യു*, പാർട്ട് 1, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 74. [7]ഹാഗ്നെർ, 76. [8]മിഷ്നാ *ആബോത്ത്,* 1.16. [9]യേശു മീൻപിടിത്തക്കാരെ വിളിക്കുന്നതും ഏലിയാവ് ഏലീശയെ വയലിൽനിന്നും വീട്ടുകാരിൽനിന്നും വിളിക്കുന്നതിലെ സമാനതകൾ നോക്കുക (1 രാജാക്കന്മാർ 19:19–21). [10]ലേവിസ്, 74.

[11]ജെയിംസ് എം. ഗ്രെ, ''പീറ്റർ, സൈമൺ,'' ഇൻ *ദ ഇന്റർനാഷ്ണൽ ബൈബിൾ എൻസൈക്ലോപീഡിയ*, എഡിയ. ജെയിംസ് ഓർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1939), 4:2349. [12]ഡഗ്ലസ് ആർ. ഏ. ഹെയർ, *മാത്യു,* ഇന്റർപ്രെട്ടേഷൻ (ലൂയിസ്വില്ലേ: ജോൺ നോക്സ് പ്രസ്, 1993), 31. വലയുടെ ഉപമയിൽ (13:47–50), ദൂതന്മാരാണ് വലയിലെ നല്ലതും (വിശ്വസ്തരായവർ) മോശമായതും (അവിശ്വസ്തർ) തിരഞ്ഞെടുക്കുന്നത്.

[13]സൂസെന്നെ ഡി ഡിയെട്രിച്ച്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, ട്രാൻസ്. ഡൊണാൾഡ് ജി. മില്ലർ, ലേമാൻസ് ബൈബിൾ കമെന്ററി, വാല്യം 16 (റിച്ച്മണ്ട്, വാ.: ജോൺ നോക്സ് പ്രസ്, 1961), 26. [14]എക്ലേസിയാസ്റ്റിക്കസ്, 51:23. [15]മിഷ്നാ *മെഗില്ലാ* 1.3; 4.3; *സാൻഹേദ്രീൻ* 1.6; *ആബോത്ത്* 3.6. [16]യെരുശലേം താൽമൂദ് *മെഗില്ലാ* 3.1. ഉദ്ധരണികൾ മിഷ്നായിൽനിന്നും ഗെമാരായിൽനിന്നുമെടുത്ത് (ആൻ അലാസിസ് ഓഫ് മിഷ്നാ) യോജിപ്പിച്ച് (1) യെരുശലേം താൽമൂദ് എന്നും, (2) ബാബേൽ താൽമൂദ് എന്നും പറഞ്ഞിരിക്കുന്നു (ഈ പുസ്തകത്തിൽ അതിനെ "താൽമൂദ്" എന്നു പറഞ്ഞിരിക്കുന്നു). [17]താൽമൂദ് *കെറ്റുബോത്ത്*, 105ഏ. [18]താൽമൂദ് *ശാബോത്ത്* 11ഏ. [19]പ്ലിനി *നാച്ചുറൽ ഹിസ്റ്ററി* 5.16.74.